STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.95/PR/SPMC/PHQ/2023 Date:12.09.2023

## ഓണാവധിക്കാലത്ത് പോൽ - ആപ്പിൽ രജിസ്റ്റർ ചെയ്ത്

## വീടിന് സുരക്ഷയൊരുക്കിയത് 763 പേർ

ഇക്കഴിഞ്ഞ ഓണക്കാലത്ത് വീട് പൂട്ടി യാത്രപോയ 763 പേരാണ് അക്കാര്യം പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പ് ആയ പോൽ - ആപ്പിലൂടെ അറിയിച്ചത്. ഇവരുടെ വീട് ഉൾക്കൊള്ളുന്ന പ്രദേശത്ത് നിരീക്ഷണം ഉറപ്പാക്കാൻ പോലീസ് നടപടി സ്വീകരിച്ചു.

ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ രണ്ട് വരെയുള്ള കാലയളവിലാണ് 763 പേർ പോൽ - ആപ്പ് വഴി തങ്ങൾ വീടു പൂട്ടി യാത്രപോകുന്ന കാര്യം പോലീസിനെ അറിയിച്ചത്.

തിരുവനന്തപുരം ജില്ലയിൽ ഇക്കാലയളവിൽ 221 പേർ ഈ സേവനം വിനിയോഗിച്ചു. കൊല്ലം ജില്ലയിൽ 69 പേരും പാലക്കാട് ജില്ലയിൽ 65 പേരും വീട് പൂട്ടി യാത്ര പോകുന്ന കാര്യം പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പ് വഴി അറിയിക്കുകയുണ്ടായി. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 63 പേർ വീതവും കോഴിക്കോട് ജില്ലയിൽ 61 പേരുമാണ് ഈ സൗകര്യം വിനിയോഗിച്ചത്.

പോൽ - ആപ്പ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്തശേഷം സർവീസസ് എന്ന വിഭാഗത്തിലെ ലോക്ക്ഡ് ഹൗസ് ഇൻഫർമേഷൻ എന്ന വിഭാഗത്തിൽ ആവശ്യമായ വിവരങ്ങൾ നൽകുകയാണ് വേണ്ടത്. യാത്രപോകുന്ന ദിവസം, വീട് സ്ഥിതി ചെയ്യുന്ന സ്ഥലം, വീട്ടുപേര്, വീടിനു സമീപത്തുള്ള ബന്ധുക്കളുടെയോ അയൽവാസികളുടെയോ പേരും ഫോൺ നമ്പറും എന്നിവ ആപ്പിൽ നൽകേണ്ടതുണ്ട്.

ഓണാവധി കഴിഞ്ഞെങ്കിലും വീടുപൂട്ടി യാത്രപോകുന്നവർക്ക് ആ വിവരം പോലീസിന്റെ മൊബൈൽ ആപ്പ് വഴി അറിയിക്കാൻ തുടർന്നും സൗകര്യമുണ്ടാകും. ഏഴു ദിവസം മുമ്പ് വരെ വിവരം പോലീസിനെ അറിയിക്കാവുന്നതാണ്. പരമാവധി 14 ദിവസം വരെ വീടും പരിസരവും പോലീസിന്റെ നിരീക്ഷണത്തിലായിരിക്കും. ഈ സേവനം പൂർണ്ണമായും സൗജന്യമാണ്.

***********************